©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
വെള്ളി
Thiruvananthapuram,
Friday

2026 ജൂലൈ 03
03rd July 2026
1201 മിഥുനം 19
19th Mithunam 1201
1948 ആഷാഢം 12
12th Ashadha 1948

നമ്പർ
No.
1981

കൂട്ടിച്ചേർക്കൽ വിജ്ഞാപനം

കെ2- 573920/2023 1 ജൂലൈ 2026

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 11-ാം വകുപ്പ് 1-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് അനുസൃതമായി സമുചിത സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിച്ച് തിരുവനന്തപുരം താലൂക്കിൽ തിരുവല്ലം വില്ലേജിൽ പനത്തുറ സ്റ്റീൽ ലാറ്റിസ് വാഹന പാലത്തിന്റെ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 19-02-2024-ാം തീയതിയിലെ 613-ാം നമ്പർ കേരള ഗസറ്റ് (അസാധാരണം) വിജ്ഞാപനം ചുവടെ ചേർക്കുന്ന സർവ്വേ നമ്പറുകൾ കൂട്ടിച്ചേർത്ത് ഭേദഗതി ചെയ്യുന്നു.

ഇപ്പോൾ ഇതുമായി ബന്ധപ്പെട്ട എല്ലാ വ്യക്തികൾക്കും 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 11-ാം വകുപ്പ് 1-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ഇക്കാര്യത്തിലുള്ള അറിയിപ്പ് ഇതിനാൽ നൽകുകയും ചെയ്യുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രസ്തുത സ്ഥലത്തിൽ തല്പര കക്ഷികളായുള്ള എല്ലാ വ്യക്തികളോടും ഭ്രരേഖകളുടെ പുതുക്കലിലോ എടുക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ചോ എന്തെങ്കിലും ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ അവ രേഖാമൂലം ഒരു പത്രികയായി മേൽപ്പറഞ്ഞ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ തീയതി അല്ലെങ്കിൽ ആയത് സംബന്ധിച്ച പൊതു അറിയിപ്പ് നൽകിയ തീയതി ഏതാണോ അവസാനം സംഭവിക്കുന്നത് അത് മുതൽ 15 ദിവസത്തിനകം സ്പെഷ്യൽ തഹസിൽദാർ (എൽ.എ), കിഫ്ബി യൂണിറ്റ് 2, രണ്ടാം നില, പ്രഭാത് ബുക് ഹൗസ്, വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം മുമ്പാകെ സമർപ്പിക്കാൻ തദനുസരണം ആവശ്യപ്പെട്ടു കൊള്ളുന്നു. നിശ്ചിത തീയതിക്ക് ശേഷം ലഭിക്കുന്നതോ അപേക്ഷകന് ഭ്രമിയിന്മേലുള്ള താല്പര്യം വ്യക്തമായി വിശദീകരിക്കാത്തതോ ആയ ഏതൊരു അപേക്ഷ പത്രികയും അപ്പാടെ നിരസിക്കപ്പെടാൻ സാധ്യതയുള്ളതാണ്.

പട്ടിക

ജില്ല : തിരുവനന്തപുരം
താലൂക്ക് : തിരുവനന്തപുരം **വില്ലേജ് : തിരുവല്ലം**

ക്രമ നമ്പർ	ബ്ലോക്ക്	സർവ്വേ നമ്പർ	ഇനം/തരം	ഏറ്റെടുക്കേണ്ട ഭ്രമിയുടെ ഏകദേശ വിസ്തീർണ്ണം (Hectare)	പൊതു ആവശ്യത്തിന്റെ സ്വഭാവം	പദ്ധതി ബാധിതരെ മാറ്റി സ്ഥാപിക്കുന്നതിനുള്ള കാരണം	വസ്തുടമ/തല്പര കക്ഷി
1	29	560/1	പുരയിടം	0.0075	പനത്തുറ സ്റ്റീൽ ലാറ്റിസ് വാഹന പാലത്തിന്റെ നിർമ്മാണത്തിന് വേണ്ടിയുള്ള സ്ഥലമെടുപ്പ്	പനത്തുറ സ്റ്റീൽ ലാറ്റിസ് വാഹന പാലത്തിന്റെ നിർമ്മാണത്തിന് വേണ്ടിയുള്ള സ്ഥലമെടുപ്പ്	അരയ സമുദായത്തിന് വേണ്ടി പ്രസിഡൻറ്റ് പാച്ചല്ലൂർ ദേശത്ത് പനത്തുറ രാമൻ സഹദേവൻ

ഏകദേശ വിസ്തീർണ്ണം – **0.75 Ares**

(ഒപ്പ്)
ജില്ലാ കളക്ടർ
തിരുവനന്തപുരം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിശദീകരണക്കുറിപ്പ്

ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ പൊതു ഉദ്ദേശം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ്. കൂടുതൽ പരിശോധനയിൽ 19-02-2024 തീയതിയിൽ 613-ാം നമ്പർ ആയി കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള വിജ്ഞാപനത്തിൽ വിട്ടുപോയിട്ടുള്ളതും പൊന്നുംവില നടപടിയ്ക്ക് ആവശ്യമുള്ളതുമായ ചില സർവ്വേ നമ്പറുകൾ കൂടി കൂട്ടിചേക്കേണ്ടതാണെന്ന് ബോധ്യപ്പെട്ടതിനാൽ ടി പട്ടികയിൽ പരാമർശിച്ച റീസർവ്വേ നമ്പർ കൂടി ഉൾപ്പെടുത്തി ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

(ഈ വിജ്ഞാപനം മുകളിൽ പരാമർശിക്കുന്ന ലക്ഷ്യം കൈവരിക്കുന്നതിലേക്കായി മാത്രം)

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.07.03 02:51:03 +05:30